**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 543** **21-03-2023 - ൽ മറുപടിയ്ക്ക്**

**പത്താം ക്ലാസ് പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പത്താം ക്ലാസ് പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം ഒരുക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2022-23 അധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിനായി ആകെ ഉണ്ടായിരുന്ന 4,29,681 സീറ്റുകളിൽ ആകെ 3,84,557 വിദ്യാർത്ഥികൾ പ്രവേശനം നേടുകയുണ്ടായി. ഈ വർഷത്തെ പ്രവേശന നടപടികൾ അവസാനിച്ചപ്പോൾ 45,124 സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. സംസ്ഥാനത്തെ ഒരു താലൂക്കിലും സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല. ആവശ്യമുള്ളിടത്ത് താൽക്കാലിക ബാച്ചുകളും മാർജിനൽ സീറ്റ് വർദ്ധനവും ഏർപ്പെടുത്തി പ്രവേശന നടപടികൾ തുടർന്നതിനാൽ തന്നെ ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാധ്യമായിട്ടുണ്ട്.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് 33030 സീറ്റുകൾ ലഭ്യമാണ്. ടി സീറ്റുകളിൽ ഈ വർഷം 29042 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. ഈ വർഷം ആകെ 3988 സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. |
| (ബി) | കേന്ദ്ര സർക്കാർ കൈയൊഴിഞ്ഞ കഴക്കൂട്ടം സൈനിക സ്കൂളും കായംകുളം എൻ.ടി.പി.സി. കേന്ദ്രീയ വിദ്യാലയവും അതത് സ്ഥാപനങ്ങളുടെ അധീനതയിൽ നിലനിർത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്താൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കഴക്കൂട്ടം സൈനിക സ്കൂൾ, കായംകുളം എൻ ടി പി സി, കേന്ദ്രീയ വിദ്യാലയം എന്നിവയുടെ പ്രവർത്തനം നിലനിർത്തുന്നതിന് സർക്കാർ സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴക്കൂട്ടം സൈനിക സ്കൂൾ നിലനിർത്തുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പ വച്ചിട്ടുണ്ട്. പ്രസ്തുത ധാരണാപത്ര പ്രകാരം നിലവിൽ നൽകി വരുന്ന സ്കോളർഷിപ്പ്, ഡയറ്ററി ചാർജ് എന്നിവയ്ക്ക പുറമേ അടിസ്ഥാന സൗകര്യ വികസനം, സ്കൂൾ നടത്തിപ്പ് ചെലവിനായി ശമ്പളവും അലവൻസും ഒഴിച്ചുള്ളവയുടെ മുഖ്യ പങ്ക് , കെട്ടിടം, റോഡ് എന്നിവയും സംസ്ഥാന സർക്കാർ നൽകേണ്ടി വരും. |

| | | | |
|---|---|---|---|
| | | | ഹരിപ്പാട് എൻ ടി പി സി ക്യാമ്പസിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2021 ഡിസംബർ 28 ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കേന്ദ്രീയ വിദ്യാലയം പ്രോജക്ട് സെക്ടറിൽ നിന്നും സിവിൽ സെക്ടറിലേക്കു മാറ്റി എൻ ടി പി സി ക്യാമ്പസ്സിൽ തന്നെ നിലനിർത്തണമെന്നും സ്കൂൾ നടത്തിപ്പിനായി വർഷം 3 കോടി രൂപ അനുവദിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ മന്ത്രി കേന്ദ്ര വിദ്യാഭ്യാസ മന്ത്രിക്കു കത്ത് അയച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം അഡ്മിഷൻ നടത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രീയ വിദ്യാലയ സംഗതനും വിദ്യാഭ്യാസ വകുപ്പ് മന്ത്രി കത്ത് നൽകിയിരുന്നു.<br><br>തുടർന്ന് ഈ വിഷയത്തിൽ ബഹു.എം.എൽ.എ ശ്രീ.രമേശ് ചെന്നിത്തല ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP (C ) 3347/2022 ഹർജിയിൽ സ്കൂൾ നിലനിർത്തുന്നതിന് അനുകൂലമായ വിധി ഉണ്ടാകുകയും ഇതിനെതിരെ എൻ.റ്റി.പി.സി. ബഹു. സുപ്രീം കോടതിയിൽ എസ്.എൽ.പി.(സി) നം.6030/2022 ഫയൽ ചെയ്യുകയും ബഹു.സുപ്രീം കോടതി, ബഹു.ഹൈക്കോടതിയുടെ വിധി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്റ്റേ നീക്കിയാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (സി) | വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിന് ആനുപാതികമായി അദ്ധ്യാപക തസ്തികകൾ അനുവദിക്കാനും വിവിധ തലങ്ങളിലുള്ള അദ്ധ്യാപക പ്രമോഷൻ, ബൈട്രാൻസ്ഫർ ഉൾപ്പെടെ നൽകാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൈമറി, സെക്കന്ററി തലത്തിൽ അനുവദിക്കേണ്ട അധിക തസ്തികകൾ സർക്കാർ പരിശോധിച്ച വരുന്നു. പ്രസ്തുത അധിക തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിയമനങ്ങൾ, തസ്തികമാറ്റം, സ്ഥാനക്കയറ്റം ഉൾപ്പെടെ ഉള്ളവ അംഗീകരിക്കുന്നതാണ്. സർക്കാർ സ്കൂളുകളിൽ സൃഷ്ടിക്കപ്പെടുന്ന അധിക തസ്തികകൾ നിലവിലെ അനുപാത പ്രകാരം പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. നിലവിലെ അനുപാത പ്രകാരം ബൈട്രാൻസ്ഫർ, സ്ഥാന ക്കയറ്റം എന്നിവയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (ഡി) | സംസ്ഥാനത്ത് വിദ്യാലയങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ